# 33

എൻ പ്രീയ രക്ഷകൻ നീതിയിൽ സൂര്യനായ്
തേജസ്സിൽ വെളിപ്പെടുമേ. . .
താമസമെന്നിയെ മേഘത്തിൽ വരും താൻ
കാന്തയാം എന്നെയും ചേർത്തിടും നിശ്ചയമായ്

1. യെരുശലേമിൻ തെരുവിലൂടെ ക്രൂശുമരം ചുമന്നു
കാൽവറിയിൽ നടന്നു പോയവൻ
ശോഭിത പട്ടണത്തിൽ മുത്തുകളാലുള്ള
വീടുകൾ തിർത്തിട്ടു വേഗത്തിൽ വരുമവൻ　　എൻ പ്രീയ

2. ആനന്ദപുരത്തിലെ വാസം ഞാനോർക്കുമ്പോൾ
ഇഹത്തിലെ കഷ്ടം സാരമോ
പ്രത്യാശ ഗാനങ്ങൾ പാടി ഞാൻ നിത്യവും
സ്വർഗ്ഗീയ സന്തോഷം എന്നിലുണ്ടിന്നലേക്കാൾ　　എൻ പ്രീയ

3. നീതി സൂര്യൻ വരുമ്പോൾ തൻ പ്രഭയിൻ കാന്തിയാൽ
എൻ ഇരുൾ നിറം മാറിടുമന്ന്
രാജരാജൻ പ്രതിമയെ ധരിപ്പിച്ചിട്ടെന്നെ തൻ
കൂടവെ ഇരുത്തുന്ന രാജാവു വേഗം വരും　　എൻ പ്രീയ

4. സന്താപം തീർത്തിട്ടു അന്തമില്ലാ യുഗം
കാന്തയുമായി വാഴുവാൻ
ഉള്ളം കൊതിക്കുന്നേ പാദങ്ങൾ പൊങ്ങുന്നേ
എന്നിങ്ങു വന്നെന്നെ ചേർത്തിടും പ്രേമകാന്തൻ　　എൻ പ്രീയ